सत्यमेव जयते

**Government of India**

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० | 4246 | नई दिल्ली | शनिवार | 30 दिसंबर 2023/ | 9 पौष 1945 (शक) | खण्ड | XII |
| No. | 4246 | NEW DELHI | Saturday | 30 December 2023/ | 9 Pousha, 1945 (Saka) | Vol. | XII |
| നമ്പർ | 4246 | ന്യൂഡൽഹി | ശനി | 30 ഡിസംബർ 2023/ | 9 പൌഷം, 1945 (ശക) | വാല്യം | XII |


## MINISTRY OF LAW AND JUSTICE

## (Legislative Department)

*New Delhi, 22nd November, 2022/1st Agrahayana, 1944 (Saka).*

The translation in Malayalam of The Lands Ports Authority of India Act, 2010 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ഭാരതത്തിന്റെ ലാൻഡ് പോർട്ട്സ് അതോറിറ്റി ആക്റ്റ്, 2010–ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973–ലെ 50)–ന്റെ 2–ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT 212/9009/2023/S-4.

# ഭാരതത്തിന്റെ ലാൻഡ് പോർട്ട്സ് അതോറിറ്റി ആക്റ്റ്, 2010

2010–ലെ 31–ാം നമ്പർ

സുരക്ഷ പ്രദാനം ചെയ്യുന്ന അനിവാര്യമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സമ്പ്രദായങ്ങൾ യഥാസ്ഥാനത്ത് ഏർപ്പെടുത്തുവാനും യാത്രക്കാരുടെയും ചരക്കുകളുടെ അതിർത്തി കടന്നുള്ള ചലനത്തിനുവേണ്ടി ഭാരതത്തിന്റെ അന്തർദേശീയ അതിർത്തികളിൽ ഉടനീളമുള്ള വിശേഷിപ്പിക്കപ്പെട്ട സ്ഥാനങ്ങളിലെ സൗകര്യങ്ങളുടെ വികസനത്തിനും നടത്തിപ്പിനും വേണ്ടിയും ഭാരതത്തിന്റെ ലാൻഡ് പോർട്ട്സ് അതോറിറ്റിയുടെ സ്ഥാപിക്കലിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

ചുരുക്കപ്പേരും പ്രാരംഭവും

1. (1) ഈ ആക്റ്റിന് ഭാരതത്തിന്റെ ലാൻഡ് പോർട്ട്സ് അതോറിറ്റി ആക്റ്റ്, 2010 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ[1] പ്രാബല്യത്തിൽ വരുന്നതും ഈ ആക്റ്റിലെ വ്യത്യസ്ത വ്യവസ്ഥകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കപ്പെടാവുന്നതും ഈ ആക്റ്റിന്റെ പ്രാരംഭത്തെക്കുറിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതൊരു പരാമർശത്തിനും ആ വ്യവസ്ഥയുടെ പ്രാരംഭത്തെക്കുറിച്ചുള്ള ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതുമാകുന്നു.

നിർവ്വചനങ്ങൾ

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "അതോറിറ്റി" എന്നാൽ 3–ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഭാരതത്തിന്റെ ലാൻഡ് പോർട്ട്സ് അതോറിറ്റി എന്നർത്ഥമാകുന്നു;

(ഖ) "ചെയർപേഴ്സൺ" എന്നാൽ 3–ാം വകുപ്പിന്റെ (3)–ാം ഉപവകുപ്പിലെ (ക) ഖണ്ഡപ്രകാരം നിയമിക്കപ്പെട്ട അതോറിറ്റിയുടെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഗ) "ഇമിഗ്രേഷൻ ചെക്ക്പോസ്റ്റ്" എന്നാൽ വിദേശികൾ ആക്റ്റ്, 1946 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തുറമുഖമോ കരയിലുള്ള യാത്ര പുറപ്പെടുന്ന സ്ഥലമോ എന്നർത്ഥമാകുന്നു; 1946–ലെ 31

(ഘ) "സംയോജിത ചെക്ക്പോസ്റ്റ്" എന്നാൽ കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്ന ഏതൊരു ലാൻഡ് പോർട്ടും എന്നർത്ഥമാകുന്നു;

---

1. 2012 മാർച്ച് 1, 2012 ഫെബ്രുവരി 24–ാം തീയതിയിലെ എസ്.ഒ. 328 (ഇ) നമ്പർ വിജ്ഞാപന പ്രകാരം, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, സെക്ഷൻ 3 (ii) കാണുക.

(ങ) ''ലാൻഡ് കസ്റ്റംസ് സ്റ്റേഷൻ'' എന്നാൽ കസ്റ്റംസ് ആക്റ്റ്, 1962-ന്റെ 7-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡ പ്രകാരം കരയോ ഉൾനാടൻ ജലാശയമോ വഴി ഇറക്കുമതി ചെയ്യപ്പെടുന്നതോ കയറ്റുമതി ചെയ്യപ്പെടേണ്ടതോ ആയ ചരക്കുകളുടെ ക്ലിയറൻസിനുവേണ്ടി കേന്ദ്ര സർക്കാരിനാൽ അപ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന ഏതൊരു സ്ഥലവും എന്നർത്ഥമാകുന്നു; 1962-ലെ 52

(ച) ''ലാൻഡ് പോർട്ട്'' എന്നാൽ കസ്റ്റംസ് ആക്റ്റ്, 1962 അല്ലെങ്കിൽ വിദേശികൾ ആക്റ്റ്, 1946 പ്രകാരം ലാൻഡ് കസ്റ്റംസ് സ്റ്റേഷനോ ഇമിഗ്രേഷൻ ചെക്ക്പോസ്റ്റോ ആയി വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയപാതകളുടെയും സംസ്ഥാനപാതകളുടെയും മറ്റു റോഡുകളുടെയും ഭാഗങ്ങൾ ഉൾപ്പെടെ ഭാരതത്തിന്റെ അന്തർദേശീയ അതിർത്തികളിലുള്ള ഒരു പ്രദേശം എന്നർത്ഥമാകുന്നതും ഭാരതത്തിന്റെ അതിർത്തികൾ കടന്നുള്ള യാത്രക്കാരുടെയും ചരക്കുകളുടെയും ക്ലിയറൻസിനും പരിവഹണത്തിനും വേണ്ടിയുള്ള സൗകര്യങ്ങളോടുകൂടിയ റെയിൽപ്പാതകൾ ഉൾപ്പെടുന്നതുമാകുന്നു; 1962-ലെ 52; 1946-ലെ 31

(ഛ) ''വിജ്ഞാപനം'' എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു; കൂടാതെ

(ഝ) ''റെഗുലേഷനുകൾ'' എന്നാൽ ഈ ആക്റ്റിൻകീഴിൽ അതോറിറ്റിയാൽ ഉണ്ടാക്കപ്പെട്ട റെഗുലേഷനുകൾ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II
## ഭാരതത്തിന്റെ ലാൻഡ് പോർട്ട്സ് അതോറിറ്റി

3. (1) കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രഭാവത്തോടുകൂടി ഭാരതത്തിന്റെ ലാൻഡ് പോർട്ട്സ് അതോറിറ്റി എന്നറിയപ്പെടേണ്ട ഒരു അതോറിറ്റി രൂപീകരിക്കപ്പെടേണ്ടതാണ്. അതോറിറ്റിയുടെ രൂപീകരണം

(2) അതോറിറ്റി, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ജംഗമവും സ്ഥാവരവുമായി വസ്തു ആർജ്ജിക്കുവാനും കൈവശം വയ്ക്കുവാനും കൈയൊഴിക്കുവാനും കരാറിൽ ഏർപ്പെടുവാനുള്ള അധികാരത്തോടുകൂടിയ ശാശ്വത പിൻതുടർച്ചാവകാശവും ഒരു പൊതുമുദ്രയുമുള്ള മുൻപറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കേണ്ടതും പ്രസ്തുത പേരിൽ വ്യവഹരിക്കേണ്ടതും വ്യവഹരിക്കപ്പെടേണ്ടതുമാണ്.

(3) അതോറിറ്റി—

(ക) ഒരു ചെയർപേഴ്സണും;

(ഖ) രണ്ട് അംഗങ്ങളും, അവരിൽ ഒരാൾ (ആസൂത്രണവും വികസനവും) അംഗം ആയിരിക്കേണ്ടതും മറ്റേ ആൾ (ധനകാര്യം) അംഗം ആയിരിക്കേണ്ടതും;

(ഗ) ആഭ്യന്തരകാര്യങ്ങൾ, വിദേശകാര്യങ്ങൾ, റവന്യൂ, വാണിജ്യം, റോഡ് ഗതാഗതവും ദേശീയപാതകളും, റെയിൽവേ, പ്രതിരോധം, കൃഷിയും സഹകരണവും, നിയമവും നീതിന്യായവും എന്നിവ കൈകാര്യം ചെയ്യുന്ന ഭാരത സർക്കാരിന്റെ മന്ത്രാലയങ്ങളെയോ വകുപ്പുകളെയോ പ്രതിനിധീകരിക്കുന്ന ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻമാർക്കിടയിൽ നിന്നും കേന്ദ്ര സർക്കാരിനാൽ നിയമിക്കപ്പെടേണ്ട ഒൻപതിൽ കൂടുതലല്ലാത്ത എക്സ് ഒഫീഷ്യോ അംഗങ്ങളും;

(ഘ) സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥിതിചെയ്യുന്ന ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറി അല്ലെങ്കിൽ സർക്കാർ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത അദ്ദേഹത്തിന്റെ നിർദ്ദിഷ്ടനാമാവും;

(ങ) കേന്ദ്ര സർക്കാരിനാൽ നിയമിക്കപ്പെടേണ്ട രണ്ട് പ്രതിനിധികളും, അവരിൽ ഒരാൾ തൊഴിലാളികളുടെ അംഗീകൃത നികായങ്ങളിൽ നിന്നുമായിരിക്കേണ്ടതും മറ്റേയാൾ വ്യാപാരികളിൽ നിന്നുമായിരിക്കേണ്ടതും;

(ച) പ്രവർത്തനപരമായ ആവശ്യങ്ങൾക്കായി കേന്ദ്ര സർക്കാരിന് കോ-ഓപ്റ്റ് ചെയ്യാവുന്ന അങ്ങനെയുള്ള മറ്റ് പ്രതിനിധികളും, അടങ്ങിയതായിരിക്കേണ്ടതാണ്.

(4) ചെയർപേഴ്സണും (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള അംഗങ്ങളും കേന്ദ്ര സർക്കാരിനാൽ നിയമിക്കപ്പെടേണ്ടതും മുഴുവൻസമയ അംഗങ്ങൾ ആയിരിക്കേണ്ടതുമാണ്.

(5) ചെയർപേഴ്സൺ, സുരക്ഷ, ഗതാഗതം, വ്യവസായം, വാണിജ്യം, നിയമം, ധനകാര്യം അല്ലെങ്കിൽ പൊതുഭരണ മേഖലയിൽ പ്രത്യേക പരിജ്ഞാനവും പരിചയവും ഉള്ള ആളുകൾക്കിടയിൽ നിന്നും, തിരഞ്ഞെടുക്കപ്പെടേണ്ടതാണ്.

അംഗത്തിന്റെ ഉദ്യോഗത്തിനുള്ള അയോഗ്യത

4. ഒരാൾ, അയാൾ—

(ക) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, സാന്മാർഗികാധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യുകയും തടവുശിക്ഷക്ക് വിധിക്കുകയും ചെയ്യപ്പെടുകയോ;

(ഖ) ഒരു അവിമുക്ത നിർദ്ധനനായിരിക്കുകയോ;

(ഗ) ചിത്തഭ്രമമുണ്ടായിരിക്കുകയും ഒരു ക്ഷമതയുള്ള കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെട്ട് നിൽക്കുകയും ചെയ്യുകയോ;

(ഘ) സർക്കാരിന്റെയോ സർക്കാർ ഉടമസ്ഥതയിലുള്ളതോ നിയന്ത്രിക്കപ്പെടുന്നതോ ആയ ഒരു ഏകാംഗീകൃത നികായത്തിന്റെയോ സേവനത്തിൽ നിന്നും നീക്കം ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്യപ്പെടുകയോ;

(ങ) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, ഒരു അംഗമായുള്ള അയാളുടെ ചുമതലകൾ അയാൾ നിർവ്വഹിക്കുന്നതിനെ ദോഷകരമായി ബാധിക്കുവാൻ ഇടയുള്ള അങ്ങനെയുള്ള ധനപരമായതോ, മറ്റു താൽപര്യമോ അതോറിറ്റിയിൽ ഉണ്ടായിരിക്കുകയോ,

ചെയ്യുകയാണെങ്കിൽ ഒരു അംഗമായി നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും സേവനോപാധികളും

5. (1) 6-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഓരോ മുഴുവൻസമയ അംഗവും അയാൾ ഉദ്യോഗം ഏറ്റെടുക്കുന്ന തീയതി മുതൽ അഞ്ചുവർഷ കാലാവധിക്കോ അയാൾക്ക് അറുപത് വയസ്സ് തികയുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ, ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ കേന്ദ്ര സർക്കാരിന്—

(ക) ഏതൊരു മുഴുവൻസമയ അംഗത്തിന്റെ നിയമനവും, അയാൾക്ക് മൂന്നുമാസത്തിൽ കുറയാത്ത ഒരു കാലാവധിയിലേക്കുള്ള നോട്ടീസ് നൽകിയ ശേഷമോ അതിനുപകരം മൂന്നു മാസകാലാവധിക്കുള്ള അയാളുടെ ശമ്പളത്തിനും ബത്തയ്ക്കും, ഏതെങ്കിലുമുണ്ടെങ്കിൽ, തുല്യമായ ഒരു തുക നൽകിയോ, അവസാനിപ്പിക്കാവുന്നതും;

(ഖ) സർക്കാരിന്റെ ഒരു സേവകനായിരിക്കുന്ന ഏതൊരു അംഗത്തിന്റെയും നിയമനവും ഏതു സമയത്തും അവസാനിപ്പിക്കാവുന്നതും, ആണ്.

(2) അംഗങ്ങളുടെ മറ്റു സേവനോപാധികൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കുന്നതാണ്.

(3) ഏതൊരു അംഗത്തിനും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ള ലിഖിതമായ നോട്ടീസ് കേന്ദ്ര സർക്കാരിന് നൽകിക്കൊണ്ട് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതും അങ്ങനെയുള്ള രാജിവെയ്ക്കൽ ആ സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിൻമേൽ, അങ്ങനെയുള്ള അംഗം തന്റെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതുമാണ്.

അംഗങ്ങളുടെ ഉദ്യോഗം വിട്ടൊഴിയൽ

6. കേന്ദ്ര സർക്കാർ ഒരു അംഗത്തെ, അയാൾ—

(ക) 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിത്തീരുകയാണെങ്കിൽ നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ യാതൊരു അംഗവും ആ വകുപ്പിലെ (ങ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതക്ക് വിധേയനായിത്തീർന്നുവെന്ന കാരണത്തിൻമേൽ, അയാൾക്ക് അക്കാര്യത്തിൽ പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകപ്പെട്ടിട്ടില്ലാത്തപക്ഷം, നീക്കം ചെയ്യപ്പെടുവാൻ പാടില്ലാത്തതാണ്; അല്ലെങ്കിൽ

(ഖ) പ്രവർത്തിക്കുവാൻ വിസമ്മതിക്കുകയോ പ്രവർത്തിക്കുന്നതിന് കഴിവില്ലാതായിത്തീരുകയോ ചെയ്യുകയാണെങ്കിൽ നീക്കം ചെയ്യേണ്ടതാണ്; അല്ലെങ്കിൽ

(ഗ) അസാന്നിദ്ധ്യത്തിന് അതോറിറ്റിയിൽ നിന്നും അനുമതി നേടാതെ, അതോറിറ്റിയുടെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ നീക്കം ചെയ്യേണ്ടതാണ്; അല്ലെങ്കിൽ

(ഘ) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, അയാൾ ഉദ്യോഗത്തിൽ തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമായിത്തീരുന്നവിധം അയാളുടെ പദവി അപ്രകാരം ദുർവിനിയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ യാതൊരു അംഗവും, അയാൾക്ക് അക്കാര്യത്തിൽ പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരവും നൽകപ്പെട്ടിട്ടില്ലാത്തപക്ഷം, ഈ ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെടുവാൻ പാടില്ലാത്തതാണ്.

പുനർനിയമനത്തിനുള്ള അംഗത്തിന്റെ അർഹത

7. ഒരു അംഗമല്ലാതായിത്തീരുന്ന ഏതൊരാളും, 4-ാം വകുപ്പ് പ്രകാരം അയോഗ്യനാക്കപ്പെടാത്തപക്ഷം, പുനർനിയമനത്തിന് അർഹനായിരിക്കുന്നതാണ്.

യോഗങ്ങൾ

8. (1) അതോറിറ്റി, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള സമയങ്ങളിലും സ്ഥലങ്ങളിലും യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിലെ ബിസിനസ്സ് നടത്തിപ്പ് സംബന്ധിച്ച് (അങ്ങനെയുള്ള യോഗങ്ങളിലെ ക്വാറം ഉൾപ്പെടെ) അങ്ങനെയുള്ള നടപടിക്രമത്തിന്റെ ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

(2) ചെയർപേഴ്സണോ, ഏതെങ്കിലും കാരണത്താൽ അദ്ദേഹത്തിന് അതോറിറ്റിയുടെ ഏതെങ്കിലും യോഗത്തിൽ ഹാജരാകുവാൻ കഴിയുന്നില്ലെങ്കിൽ, യോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ തിരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും അംഗമോ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) അതോറിറ്റിയുടെ ഏതൊരു യോഗത്തിനും മുമ്പാകെ വരുന്ന എല്ലാ പ്രശ്നങ്ങളും, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷവോട്ട് മുഖേന തീരുമാനിക്കപ്പെടേണ്ടതും വോട്ടുകളുടെ തുല്യതയുടെ സംഗതിയിൽ, ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അഭാവത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആൾക്കോ രണ്ടാമത്തെയോ നിർണ്ണായകമായതോ ആയ ഒരു വോട്ട് ഉണ്ടായിരിക്കുന്നതും അത് പ്രയോഗിക്കേണ്ടതുമാണ്.

ഒഴിവുകൾ മുതാലയവ അതോറിറ്റിയുടെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്

9. അതോറിറ്റിയുടെ യാതൊരു പ്രവൃത്തിയോ നടപടിയോ—

(ക) അതോറിറ്റിയിലെ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയോ;

(ഖ) അതോറിറ്റിയിലെ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനതയോ;

(ഗ) കേസിന്റെ ഗുണദോഷത്തെ ബാധിക്കാത്ത അതോറിറ്റിയുടെ നടപടിക്രമത്തിലുള്ള ഏതെങ്കിലും ക്രമക്കേടോ,

കാരണമായി മാത്രം അസാധുവാകുന്നതല്ല.

അതോറിറ്റിയിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും

10. (1) അതോറിറ്റി ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അതിനെ പ്രാപ്തമാക്കുന്നതിന്റെ ആവശ്യത്തിലേക്കായി, അത് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള എണ്ണം ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും നിയമിക്കേണ്ടതാണ്:

എന്നാൽ, നിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള വിഭാഗം ഉദ്യോഗസ്ഥരുടെ നിയമനം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കേണ്ടതാണ്.

(2) അതോറിറ്റിയാൽ നിയമിക്കപ്പെടുന്ന ഓരോ ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സേവനോപാധികൾക്ക് വിധേയനായിരിക്കുന്നതും അങ്ങനെയുള്ള പ്രതിഫലത്തിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

## അദ്ധ്യായം III
## അതോറിറ്റിയുടെ ചുമതലകൾ

11. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതോറിറ്റിക്ക്, യാത്രക്കാരുടെയും ചരക്കുകളുടെയും അതിർത്തി കടന്നുള്ള ചലനത്തിനുവേണ്ടി ഭാരതത്തിന്റെ അന്തർദേശീയ അതിർത്തികളിൽ ഉടനീളമുള്ള വിശേഷിപ്പിക്കപ്പെട്ട സ്ഥാനങ്ങളിലെ സൗകര്യങ്ങൾ വികസിപ്പിക്കുവാനും നേരെയാക്കുവാനും നടത്തുവാനും അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോറിറ്റിയുടെ ചുമതലകൾ

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അതോറിറ്റിക്ക്,—

(ക) അതിർത്തിയിലെ സംയോജിത ചെക്ക്പോസ്റ്റുകളിൽ സുരക്ഷ പ്രദാനം ചെയ്യുന്ന അനിവാര്യമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സമ്പ്രദായങ്ങൾ യഥാസ്ഥാനത്ത് ഏർപ്പെടുത്താവുന്നതും;

(ഖ) ഒരു സംയോജിത ചെക്ക്പോസ്റ്റിൽ ദേശീയ പാതകളും സംസ്ഥാനപാതകളും റെയിൽപ്പാതകളും അല്ലാതെയുള്ള റോഡുകളും ടെർമിനലുകളും അനുബന്ധ കെട്ടിടങ്ങളും ആസൂത്രണം ചെയ്യാവുന്നതും നിർമ്മിക്കാവുന്നതും പരിപാലിക്കാവുന്നതും;

(ഗ) ഒരു സംയോജിത ചെക്ക്പോസ്റ്റിൽ, ആശയ വിനിമയത്തിനും സുരക്ഷയ്ക്കും ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനും സ്കാൻ ചെയ്യുന്നതിനും ഉള്ള ഉപകരണം ആസൂത്രണം ചെയ്യാവുന്നതും ലഭ്യമാക്കാവുന്നതും സ്ഥാപിക്കാവുന്നതും പരിപാലിക്കാവുന്നതും;

(ഘ) ഇമിഗ്രേഷനും കസ്റ്റംസിനും സുരക്ഷയ്ക്കും നികുതി ചുമത്തൽ അധികാരസ്ഥാനങ്ങൾക്കും ജന്തു-സസ്യ-ക്വാറന്റയിനിനും പണ്ടകശാലകൾക്കും കാർഗോയുടെയും ബാഗേജുകളുടെയും പരിശോധനായാർഡുകൾക്കും പാർക്കിംഗ് മേഖലകൾക്കും ബാങ്കുകൾക്കും തപാലാഫീസുകൾക്കും ആശയവിനിമയ സൗകര്യങ്ങൾക്കും വിനോദ സഞ്ചാര വിവരകേന്ദ്രങ്ങൾക്കും വിശ്രമമുറികൾക്കും ക്യാന്റീനിനും ലഘുഭക്ഷണശാലകൾക്കും പൊതുസൗകര്യങ്ങൾക്കും ആരോഗ്യസേവനങ്ങൾക്കും ആവശ്യമെന്ന് കരുതപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് സേവനങ്ങൾക്കുമുള്ള ഉചിതമായ സ്ഥലവും സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതും;

(ങ) അതിന്റെ ജീവനക്കാർക്കുവേണ്ടി വാസത്തിനുള്ള കെട്ടിടങ്ങളും അതുപോലെതന്നെ സംയോജിത ചെക്ക് പോസ്റ്റുകളിൽ വിന്യസിച്ചിട്ടുള്ള സ്റ്റാഫിനുവേണ്ടി വാസത്തിനുള്ള സ്ഥലസൗകര്യവും നിർമ്മിക്കാവുന്നതും;

(ച) ഹോട്ടലുകളും റസ്റ്റോറന്റുകളും വിശ്രമമുറികളും സ്ഥാപിക്കാവുന്നതും പരിപാലിക്കാവുന്നതും;

(ഛ) ചരക്കുകളുടെ സംഭരണത്തിനോ സംസ്കരണത്തിനോ വേണ്ടി പണ്ടകശാലകളും കണ്ടെയ്നർ ഡിപ്പോകളും കാർഗോ സമുച്ചയങ്ങളും സ്ഥാപിക്കാവുന്നതും പരിപാലിക്കാവുന്നതും;

(ജ) സംയോജിത ചെക്ക്പോസ്റ്റുകളിൽ യാത്രാക്കാരുടെയും മറ്റ് ആളുകളുടെയും ഉപയോഗത്തിനുവേണ്ടി തപാലും പണവിനിമയവും ഇൻഷ്വറൻസും ടെലിഫോണും സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതും;

(ഝ) സംയോജിത ചെക്ക്പോസ്റ്റുകളുടെ സുരക്ഷയ്ക്ക് വേണ്ടിയുള്ള ഉചിതമായ ഏർപ്പാടുകൾ ഉണ്ടാക്കാവുന്നതും വാഹനങ്ങളുടെ ചലനവും യാത്രക്കാരുടെയും ചരക്കുകളുടെയും പ്രവേശനവും നിർഗ്ഗമനവും അവയെ സംബന്ധിക്കുന്ന ബന്ധപ്പെട്ട നിയമനത്തിന് അനുസൃതമായി ക്രമപ്പെടുത്തലിനും നിയന്ത്രണത്തിനും വ്യവസ്ഥ ചെയ്യാവുന്നതും;

(ഞ) അഗ്നിയുടെയും മറ്റ് അപായങ്ങളുടെയും തടയലും നിയന്ത്രണവും ആവശ്യമെന്ന് കരുതപ്പെടുന്ന മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്താവുന്നതും;

(ട) നിയമത്തിനും സുരക്ഷയ്ക്കും ഭാരത സർക്കാരിന്റെ പ്രോട്ടോക്കോളിനും വേണ്ടത്ര പരിഗണന നൽകിക്കൊണ്ട് സംയോജിത ചെക്ക്പോസ്റ്റിൽ വാഹനങ്ങളുടെ ചലനവും യാത്രക്കാരുടെയും പരിവഹണ തൊഴിലാളികളുടെയും ഹാന്റിലിംഗ് ഏജന്റുമാരുടെയും ക്ലിയറിംഗ് ആന്റ് ഫോർവേഡിംഗ് ഏജന്റുമാരുടെയും ചരക്കുകളുടെയും പ്രവേശനവും നിർഗ്ഗമനവും ക്രമപ്പെടുത്താവുന്നതും നിയന്ത്രിക്കാവുന്നതും;

(ഠ) തത്സമയം പ്രാബല്യത്തിലുള്ള ബന്ധപ്പെട്ട നിയമത്തിന് അനുസൃതമായി സംയോജിത ചെക്കുപോസ്റ്റുകളിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കരാർ ചെയ്യപ്പെട്ടിട്ടുള്ള ഏജൻസികളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കാവുന്നതും സുകരമാക്കാവുന്നതും;

(ഡ) കൺസൾട്ടൻസി, നിർമ്മാണം അല്ലെങ്കിൽ മാനേജ്മെന്റ് സേവനങ്ങൾ വികസിപ്പിക്കാവുന്നതും നൽകാവുന്നതും ഒരു സംയോജിത ചെക്ക്പോസ്റ്റുമായി ബന്ധപ്പെട്ട് ഭാരതത്തിലും വിദേശത്തും പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതും;

(ഢ) ഈ ആക്റ്റിനാൽ അതിന്മേൽ ചുമത്തപ്പെട്ടിട്ടുള്ള ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് വേണ്ടി കമ്പനികൾ ആക്റ്റ്, 1956 പ്രകാരമോ കമ്പനികളുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും നിയമപ്രകാരമോ ഒന്നോ അതിലധികമോ കമ്പനികൾ രൂപീകരിക്കാവുന്നതും; 1956-ലെ 1

(ണ) ഈ ആക്റ്റിനാൽ അതിന് നൽകപ്പെട്ടതോ അതിന്മേൽ ചുമത്തപ്പെട്ടതോ ആയ ഏതെങ്കിലും അധികാരത്തിന്റെ വിനിയോഗത്തിനോ ഏതെങ്കിലും ചുമതലയുടെ നിർവ്വഹണത്തിനോ ആവശ്യമോ യുക്തമോ ആയേക്കാവുന്നതോ ആനുഷംഗികമായേക്കാവുന്നതോ ആയ അങ്ങനെയുള്ള എല്ലാ നടപടികളും എടുക്കാവുന്നതും:

എന്നാൽ, അതോറിറ്റിയുടെ പരമാധികാര ചുമതലകൾ ഏതൊരു സ്വകാര്യ എന്റിറ്റിക്കും ഏൽപ്പിച്ചുകൊടുക്കുവാൻ പാടില്ലാത്തതാണ്;

(ത) അതോറിറ്റിക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകളിൽ ഏതൊന്നിന്റെയും നിർവ്വഹണത്തിന് വേണ്ടി സംയുക്ത സംരംഭങ്ങൾ ഏർപ്പെടുത്താവുന്നതും;

(ഥ) അതോറിറ്റിയുടെ വാണിജ്യപരമായ ഉത്തമ താൽപ്പര്യങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റിൽ മറ്റേതെങ്കിലും പ്രവൃത്തി ഏറ്റെടുക്കാവുന്നതും,

ആണ്.

(3) അതോറിറ്റിക്ക്, ഈ വകുപ്പുപ്രകാരമുള്ള അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ, അത് ആവശ്യമെന്ന് കരുതുന്ന, ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അങ്ങനെയുള്ള മന്ത്രാലയവുമായോ വകുപ്പുമായോ ആലോചിക്കാവുന്നതും ലാൻഡ് പോർട്ട് സേവനങ്ങളുടെ വികസനത്തിനും അങ്ങനെയുള്ള സേവനത്തിന്റെ കാര്യക്ഷമതയ്ക്കും മിതവ്യയത്തിനും സുരക്ഷയ്ക്കും വേണ്ടത്ര പരിഗണന ഉണ്ടായിരിക്കേണ്ടതുമാണ്.

(4) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും,—

(ക) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന്റെ അതോറിറ്റിയാലുള്ള അവഗണനയെ പ്രാധികാരപ്പെടുത്തുന്നതായോ;

(ഖ) അതോറിറ്റിയോ അതിന്റെ ഉദ്യോഗസ്ഥരോ മറ്റു ജീവനക്കാരോ മറ്റുവിധത്തിൽ വിധേയരാകാത്ത കർത്തവ്യമോ ബാദ്ധ്യതയോ സംബന്ധിച്ച ഏതെങ്കിലും നടപടി ആരംഭിക്കുവാൻ ഏതെങ്കിലും ആളെ പ്രാധികാരപ്പെടുത്തുന്നതായോ,

അർത്ഥം കൽപിക്കപ്പെടുവാൻ പാടില്ലാത്തതാണ്.

**മറ്റ് ഏജൻസികളുടെ ഉത്തരവാദിത്വങ്ങളും അധികാരങ്ങളും**

12.(1) ഭാരതത്തിന്റെ അതിർത്തികളിൽ വിന്യസിച്ചിട്ടുള്ള ബന്ധപ്പെട്ട അതിർത്തിരക്ഷാസേനകൾ ഒരു സംയോജിത ചെക്ക്പോസ്റ്റിന് ചുറ്റുമുള്ള സുരക്ഷയ്ക്ക് ഉത്തരവാദികൾ ആയിരിക്കുന്നതാണ്.

(2) അതോറിറ്റിക്ക്, ഒരു സംയോജിത ചെക്ക്പോസ്റ്റിലെ സമാധാനവും സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ടി അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുമ്പോഴെല്ലാം, തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സായുധസേനയുടെയോ കേന്ദ്ര പാരാമിലിറ്ററി സേനയുടെയോ സംസ്ഥാന പോലീസിന്റെയോ സഹായം തേടാവുന്നതാണ്.

(3) കസ്റ്റംസും ഇമിഗ്രേഷനും ക്വാറന്റൈനും മറ്റ് ഉദ്യോഗസ്ഥരും അതോറിറ്റിയുമായി അതിന്റെ ചുമതലകളുടെ ഫലപ്രദമായ നിർവ്വഹണത്തിനായി ഏകോപിച്ചു പ്രവർത്തിക്കേണ്ടതാണ്.

(4) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കസ്റ്റംസ്, ഇമിഗ്രേഷൻ, ക്വാറന്റൈൻ ഉദ്യോഗസ്ഥരും അതിർത്തി സംരക്ഷണ സേനകളും പോലീസും തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിന് അനുസൃതമായി അവരുടെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

## അദ്ധ്യായം IV
## സ്വത്തും കോൺട്രാക്റ്റും

ആസ്തികളും ബാദ്ധ്യതകളും അതോറിറ്റിയിൽ നിക്ഷിപ്ത മാകുമെന്ന്.

13. (1) 2-ാം വകുപ്പിലെ (ഘ) ഖണ്ഡപ്രകാരം പുറപ്പെടുവിക്കപ്പെടുന്ന വിജ്ഞാപനത്തിന്റെ തീയതിയിൽ, ആ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തൊട്ടുമുമ്പായി, ഏതെങ്കിലും ലാൻഡ് പോർട്ടിൽ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉണ്ടായിരുന്ന കേന്ദ്ര സർക്കാരിന് അങ്ങനെയുള്ള വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള എല്ലാ ആസ്തികളും അവകാശങ്ങളും അധികാരങ്ങളും അധികാരശക്തികളും വിശേഷാവകാശങ്ങളും ജംഗമവും സ്ഥാവരവും യഥാർത്ഥമോ വ്യക്തിപരമോ മൂർത്തമോ അമൂർത്തമോ വർത്തമാന കാലത്തുള്ളതോ സമാശ്രിതമോ, എന്തു പ്രകൃതത്തിലുള്ളതായാലും, ഭൂമിയും കെട്ടിടങ്ങളും യന്ത്രസാമഗ്രിയും ഉപകരണങ്ങളും പണികളും പണിശാലകളും നീക്കിയിരുപ്പ് പണവും മൂലധനവും കരുതൽധനവും കരുതൽ നിധികളും നിക്ഷേപങ്ങളും കുടികിടപ്പുകളും നഷ്ടങ്ങളും കടങ്ങളുടെ കണക്കും ഉൾപ്പെടെയുള്ള അങ്ങനെയുള്ള സ്വത്തും അങ്ങനെയുള്ള സ്വത്തിൽ നിന്നും ഉൽഭവിക്കുന്ന മറ്റെല്ലാ അവകാശങ്ങളും താൽപര്യങ്ങളും അതോറിറ്റിയിൽ നിക്ഷിപ്തമാകുന്നതും അങ്ങനെയുള്ള നിക്ഷിപ്തമാകലിൽ അപ്പോൾ നിലവിലുള്ള എല്ലാ കടം വാങ്ങലുകളും ബാദ്ധ്യതകളും കടപ്പാടുകളും, എന്തുതരത്തിലുള്ളതായാലും, ഉൾപ്പെടുന്നതായി കൂടി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം ഭാരത സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെയോ വകുപ്പുകളുടെയോ സമ്മതത്തിനുശേഷം മാത്രമേ, അങ്ങനെയുള്ള സ്വത്ത് അങ്ങനെയുള്ള മന്ത്രാലയങ്ങളോ വകുപ്പുകളോ സ്വന്തമാക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നിടത്ത്, പുറപ്പെടുവിക്കുവാൻ പാടുള്ളൂ.

അതോറിറ്റിയിൽ സംരംഭങ്ങളുടെ നിക്ഷിപ്തമാകലിന്റെ സാമാന്യ പ്രഭാവം

14. 2-ാം വകുപ്പിലെ (ഘ) ഖണ്ഡപ്രകാരം പുറപ്പെടുവിക്കപ്പെടുന്ന വിജ്ഞാപനത്തിന്റെ തീയതിക്ക് തൊട്ടുമുമ്പായി നിലവിലുള്ളതും ലാൻഡ് പോർട്ടുകളെ ബാധിക്കുന്നവയുമായ എല്ലാ കോൺട്രാക്റ്റുകളും കരാറുകളും പ്രവൃത്തിസംബന്ധമായ ക്രമീകരണങ്ങളും അതോറിറ്റിയെ സംബന്ധിച്ച് പൂർണ്ണമായ പ്രാബല്യവും പ്രഭാവവും ഉള്ളതായിരിക്കുന്നതാണ്.

ഗ്യാരന്റി പ്രാവർത്തിക മായിരിക്കുമെന്ന്.

15. ഒരു വായ്പയോ പാട്ടമോ ധനമോ സംബന്ധിച്ച് ലാൻഡ് കസ്റ്റംസ് സ്റ്റേഷനുകൾക്കോ ഇമിഗ്രേഷൻ ചെക്ക്പോസ്റ്റുകൾക്കോ വേണ്ടിയോ അനുകൂലമായോ നൽകിയിട്ടുള്ള ഏതൊരു ഗ്യാരന്റിയും ഈ ആക്റ്റിന്റെ ബലത്താൽ അതോറിറ്റിയിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള സ്റ്റേഷനുകളെയോ ചെക്ക് പോസ്റ്റുകളെയോ സംബന്ധിച്ച് തുടർന്നും പ്രാവർത്തികമായിരിക്കുന്നതാണ്.

അതോറിറ്റിയ്ക്കു വേണ്ടിയുള്ള ഭൂമിയുടെ നിർബ്ബന്ധിത ആർജ്ജിക്കൽ.

16. അതോറിറ്റി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിനുവേണ്ടി ആവശ്യപ്പെടുന്ന ഏതൊരു ഭൂമിയും ഒരു പൊതു ആവശ്യത്തിനായി ആവശ്യപ്പെടുന്നതായി കരുതപ്പെടേണ്ടതും അങ്ങനെയുള്ള ഭൂമി അതോറിറ്റിക്കുവേണ്ടി ദേശീയപാതകൾ ആക്റ്റ്, 1956-ലെയോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരം ആർജ്ജിക്കപ്പെടാവുന്നതാണ്. 1956-ലെ 48

17. 18-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതോറിറ്റി ഈ ആകറ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിന് ആവശ്യമായ ഏതൊരു കോൺട്രാക്റ്റിലും ഏർപ്പെടുവാനും നിർവ്വഹിക്കുവാനും ക്ഷമതയുള്ളതായിരിക്കുന്നതാണ്. അതോറിറ്റിയാലുള്ള കോൺട്രാക്ടുകൾ.

18. (1) അതോറിറ്റിക്കുവേണ്ടിയുള്ള ഓരോ കോൺട്രാക്റ്റും ചെയർപേഴ്സണാലോ അതോറിറ്റി ഇതിലേക്കായി സാമാന്യമായോ പ്രത്യേകമായോ അധികാരപ്പെടുത്താവുന്ന അതോറിറ്റിയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥനാലോ ഉണ്ടാക്കപ്പെടേണ്ടതും റെഗുലേഷനുകളിൽ നിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കോൺട്രാക്റ്റുകൾ അതോറിറ്റിയുടെ പൊതുമുദ്രകൊണ്ട് മുദ്ര വയ്ക്കപ്പെടേണ്ടതുമാണ്: അതോറിറ്റിയ്ക്കു വേണ്ടി കോൺട്രാക്റ്റുകൾ ഒപ്പിട്ടു പൂർത്തീകരിക്കുന്ന രീതി.

എന്നാൽ കേന്ദ്ര സർക്കാർ ഇതിലേക്കായി ഉത്തരവ് മുഖേന നിശ്ചയിക്കാവുന്ന അങ്ങനെയുള്ള മൂല്യമോ തുകയോ കവിയുന്ന യാതൊരു കോൺട്രാക്റ്റും അത് കേന്ദ്ര സർക്കാരിനാൽ മുൻകൂട്ടി അംഗീകരിക്കപ്പെട്ടിട്ടില്ലാത്തപക്ഷം ഉണ്ടാക്കപ്പെടുവാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല സ്ഥാവരവസ്തുവിന്റെ ആർജ്ജിക്കലിനോ വിൽപനയ്ക്കോ വേണ്ടിയോ അങ്ങനെയുള്ള ഏതെങ്കിലും വസ്തുവിന്റെ മുപ്പതു വർഷത്തിൽ കവിയുന്ന ഒരു കാലാവധിയിലേക്കുള്ള പാട്ടത്തിനു വേണ്ടിയോ ഉള്ള യാതൊരു കോൺട്രാക്റ്റും കേന്ദ്ര സർക്കാർ ഇതിലേക്കായി ഉത്തരവുവഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള മൂല്യമോ തുകയോ കവിയുന്ന മറ്റു യാതൊരു കോൺട്രാക്റ്റും അത് കേന്ദ്ര സർക്കാരിനാൽ മുൻകൂട്ടി അംഗീകരിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, ഉണ്ടാക്കപ്പെടുവാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കേണ്ട ഏതൊരു കോൺട്രാക്റ്റിന്റെയും മാതൃകയും രീതിയും റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് അനുസൃതമല്ലാത്ത ഏതൊരു കോൺട്രാക്റ്റും അതോറിറ്റിയെ ബന്ധിക്കുന്നതല്ല.

## അദ്ധ്യായം V

## ധനകാര്യവും കണക്കുകളും ആഡിറ്റും

19. അതോറിറ്റിക്ക്, ഓരോ സംയോജിത ചെക്ക് പോസ്റ്റുകൾക്കും വെവ്വേറെയായി,— ഫീസ്, വാടക മുതലായവ ഈടാക്കുവാൻ അതോറിറ്റിക്കുള്ള അധികാരം.

(ക) കാർഗോ കൈകാര്യം ചെയ്യുന്നതിനോ പണ്ടകശാലയിൽ സൂക്ഷിക്കുന്നതിനോ ട്രക്കുകൾ പാർക്ക് ചെയ്യുന്നതിനോ പരിവഹണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നൽകപ്പെടുന്ന മറ്റേതെങ്കിലും സേവനത്തിനോ സൗകര്യത്തിനോ വേണ്ടിയും;

(ഖ) യാത്രാവാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും യാത്രക്കാർക്കും സന്ദർശകർക്കും നൽകപ്പെടുന്ന മറ്റ് സൗകര്യങ്ങൾക്കും വേണ്ടിയും;

(ഗ) അതോറിറ്റിയാൽ നൽകപ്പെടുന്ന സൗകര്യങ്ങളും മറ്റ് സേവനങ്ങളും പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയും,

റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന, മറ്റേതെങ്കിലും ആക്റ്റ് പ്രകാരമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ലെവി അല്ലാതെയുള്ള അങ്ങനെയുള്ള ഫീസോ വാടകയോ തീരുമാനിക്കാവുന്നതും ഈടാക്കാവുന്നതുമാണ്.

അതോറിറ്റിയിൽ കേന്ദ്ര സർക്കാരിനാലുള്ള കൂടുതൽ മൂലധനവും ഗ്രാന്റും.

20. കേന്ദ്ര സർക്കാരിന് പാർലമെന്റിനാൽ നിയമം വഴി, ഇതിനു വേണ്ടി ധനവിനിയോഗം നടത്തിയശേഷം,—

(ക) അതോറിറ്റിക്ക്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിനുവേണ്ടിയോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും ആവശ്യത്തിനു വേണ്ടിയോ ആവശ്യമായേക്കാവുന്ന ഏതെങ്കിലും മൂലധനം ആ സർക്കാർ തീരുമാനിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും മേൽ നൽകാവുന്നതും;

(ഖ) അതോറിറ്റിക്ക്, ആ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനുവേണ്ടി കേന്ദ്ര സർക്കാർ തീരുമാനിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും മേൽ, ആ സർക്കാർ ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള തുകകൾ വായ്പകളായോ ഗ്രാന്റുകളായോ കൊടുക്കാവുന്നതും,

ആണ്.

അതോറിറ്റിയുടെ നിധിയും അതിന്റെ നിക്ഷേപവും.

21. (1) അതോറിറ്റി അതിന്റെ സ്വന്തം നിധി സ്ഥാപിക്കേണ്ടതും അതോറിറ്റിയുടെ എല്ലാ വരവുകളും അതിലേക്ക് വരവുവയ്ക്കപ്പെടേണ്ടതും അതോറിറ്റിയാലുള്ള എല്ലാ പണം കൊടുക്കലുകളും അതിൽ നിന്നും നടത്തപ്പെടേണ്ടതുമാണ്.

(2) അതോറിറ്റിക്ക്, അതോറിറ്റിയുടെ ഭരണപരമായ എല്ലാ ചെലവുകളും നേരിടുന്നതിനോ ഈ ആക്റ്റിനാൽ പ്രാധികാരപ്പെടുത്തപ്പെട്ട ആവശ്യങ്ങൾക്കുവേണ്ടിയോ അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുകകൾ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ചെലവഴിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള തുകകൾ അതോറിറ്റിയുടെ നിധിയിൽ നിന്നുള്ള ചെലവായി കണക്കാക്കപ്പെടേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഉടൻതന്നെ വിനിയോഗിക്കപ്പെടുവാൻ കഴിയാത്ത അതോറിറ്റിയുടെ വരവുകണക്കിൽ നിലനിൽക്കുന്ന എല്ലാ പണവും—

(ക) ഭാരതീയ സ്റ്റേറ്റ് ബാങ്കിലോ അങ്ങനെയുള്ള ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ ബാങ്കുകളിലോ മറ്റ് പൊതുധനകാര്യ സ്ഥാപനങ്ങളിലോ, അതതുസമയം, കേന്ദ്ര സർക്കാരിനാൽ നിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കു വിധേയമായി നിക്ഷേപിക്കുകയോ;

(ഖ) കേന്ദ്ര സർക്കാരിന്റെ ഈടുപത്രങ്ങളിലോ നിർണ്ണയിക്കാപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലോ മുതൽ മുടക്കുകയോ.

ചെയ്യേണ്ടതാണ്.

*വിശദീകരണം.*—ഈ ഉപവകുപ്പിൽ ''ഷെഡ്യൂൾഡ് ബാങ്കിന്'', റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ആക്റ്റ്, 1934-ന്റെ 2-ാം വകുപ്പിലെ (ങ) ഖണ്ഡത്തിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്. 1934-ലെ 2

22. (1) അതോറിറ്റിക്ക്, അതതുസമയം, അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുകകൾ ഏതെങ്കിലും സംയോജിത ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങളോ സേവനങ്ങളോ വിപുലീകരിക്കുന്നതിന്റെയോ പുതിയ സൗകര്യങ്ങളോ സേവനങ്ങളോ സൃഷ്ടിക്കുന്നതിന്റെയോ ക്ഷണികമായ കാരണങ്ങളിൽ നിന്നുള്ള ചെലവ് വർദ്ധനയുടെയോ ആവശ്യത്തിലേക്കായോ ഏതെങ്കിലും പ്രകൃതിക്ഷോഭമോ അപകടമോ നിമിത്തമുള്ള നഷ്ടത്തിലോ നാശനഷ്ടത്തിലോ നിന്ന് ഉത്ഭവിക്കുന്ന ചെലവ് തിരികെ വയ്ക്കുന്നതിനോ നേരിടുന്നതിനോ ഉള്ള ആവശ്യങ്ങൾക്കായോ ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിലുള്ള ഏതെങ്കിലും കൃത്യവിലോപത്തിലോ കൃത്യം ചെയ്യലിലോ നിന്ന് ഉത്ഭവിക്കുന്ന ഏതെങ്കിലും ബാദ്ധ്യത നേരിടുന്നതിനോ ഒരു കരുതൽ നിധിയായോ നിധികളാലോ മാറ്റിവയ്ക്കാവുന്നതാണ്: മിച്ചമുള്ള നിധികളുടെ നീക്കിവയ്ക്കൽ

എന്നാൽ അതോറിറ്റിക്ക് പ്രത്യേക ആവശ്യങ്ങൾക്കായി പ്രത്യേക കരുതൽ നിധികൾ സ്ഥാപിക്കുവാനുള്ള അധികാരം കൂടി ഉണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല പ്രത്യേകവും സാമാന്യവുമായ കരുതൽനിധികളിൽ ഓരോന്നുമോ ഏതെങ്കിലുമോ സംബന്ധിച്ച് വർഷംതോറും നീക്കിവെയ്ക്കുന്ന തുകകളും അങ്ങനെയുള്ള തുകകളുടെ ഏതെങ്കിലും സമയത്തുള്ള ആകെത്തുകയും കേന്ദ്ര സർക്കാരിനാൽ അതിലേക്കായി, അതതുസമയം, നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള പരിധികൾ കവിയുവാൻ പാടില്ലാത്തതാണ്.

(2) അങ്ങനെയുള്ള കരുതൽനിധിക്കോ നിധികൾക്കോ വേണ്ടിയും ഈടാക്കാത്തതും അനിശ്ചിതവുമായ കടങ്ങൾക്കും ആസ്തികളിലുള്ള മൂല്യശോഷണത്തിനും വേണ്ടിയും കമ്പനികൾ ആക്റ്റ്, 1956 പ്രകാരം രജിസ്റ്റർ ചെയ്തതും ഏകാംഗീകൃതമായിട്ടുള്ളതുമായ കമ്പനികളാൽ സാധാരണയായി വ്യവസ്ഥ ചെയ്യപ്പെടുന്ന മറ്റെല്ലാ കാര്യങ്ങൾക്കും വേണ്ടിയും വ്യവസ്ഥയുണ്ടാക്കിയതിന് ശേഷം, അതോറിറ്റി അതിന്റെ വാർഷിക അറ്റാദായങ്ങളുടെ ബാക്കി കേന്ദ്ര സർക്കാരിന് നൽകേണ്ടതാണ്.

1956-ലെ 1

23. അതോറിറ്റി, ഓരോ സാമ്പത്തികവർഷത്തിന്റെയും പ്രാരംഭത്തിന് മുമ്പായി, വരുന്ന സാമ്പത്തികവർഷത്തേക്കുള്ള അതിന്റെ പ്രവർത്തന പരിപാടികളുടെ ഒരു സ്റ്റേറ്റ്മെന്റും അതുപോലെതന്നെ അതിനെ സംബന്ധിച്ച ധനകാര്യ അടങ്കലും തയ്യാറാക്കേണ്ടതും അത് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കേണ്ടതുമാണ്. പ്രവർത്തനങ്ങളുടെ പരിപാടിയും ധനകാര്യ അടങ്കലും സമർപ്പിക്കൽ.

24. (1) അതോറിറ്റിക്ക്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സമ്മതത്തോടെയോ കേന്ദ്ര സർക്കാർ അതിന് നൽകിയിട്ടുള്ള ഏതെങ്കിലും സാമാന്യമോ പ്രത്യേകമോ ആയ അനുമതിയുടെ നിബന്ധനകൾക്ക് അനുസൃതമായോ ബോണ്ടുകളോ ഋണപത്രങ്ങളോ അത് യുക്തമെന്ന് കരുതാവുന്ന അങ്ങനെയുള്ള മറ്റ് കരണങ്ങളോ പുറപ്പെടുവിക്കുക വഴി ഏതെങ്കിലും സ്രോതസ്സിൽ നിന്ന് പണം കടം വാങ്ങാവുന്നതാണ്. കടം വാങ്ങലിനുള്ള അതോറിറ്റിയുടെ അധികാരങ്ങൾ.

(2) കേന്ദ്ര സർക്കാരിന്, അതോറിറ്റിയാൽ (1)-ാം ഉപവകുപ്പു പ്രകാരം എടുക്കപ്പെട്ട വായ്പകൾ സംബന്ധിച്ച മുതലിന്റെ തിരിച്ചടയ്ക്കലിനും അതിന്മേലുള്ള പലിശ ഒടുക്കലിനും അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള രീതിയിൽ ഗ്യാരന്റി നൽകാവുന്നതാണ്.

(3) കേന്ദ്ര സർക്കാർ, അതതുസമയം, പ്രതിപാദിക്കാവുന്ന അങ്ങനെയുള്ള പരിമിതികൾക്ക് വിധേയമായി അതോറിറ്റിക്ക് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി അതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള തുക ഓവർഡ്രാഫ്റ്റ് വഴിയോ മറ്റുവിധത്തിലോ താൽക്കാലികമായി കടം വാങ്ങാവുന്നതാണ്.

കണക്കുകളും ആഡിറ്റും

25. (1) അതോറിറ്റി ശരിയായ കണക്കുകളും മറ്റ് പ്രസക്തമായ രേഖകളും വച്ചുപോരേണ്ടതും ലാഭനഷ്ടകണക്കും സംതുലനപത്രവും ഉൾപ്പെടെയുള്ള കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി കൂടിയാലോചിച്ച് കേന്ദ്ര സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിൽ തയ്യാറാക്കേണ്ടതുമാണ്.

(2) അതോറിറ്റിയുടെ കണക്കുകൾ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനാൽ വർഷംതോറും ആഡിറ്റ് ചെയ്യപ്പെടേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നേരിടുന്ന ഏതൊരു ചെലവും അതോറിറ്റി അദ്ദേഹത്തിന് മടക്കിക്കൊടുക്കേണ്ടതുമാണ്.

(3) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനും അതോറിറ്റിയുടെ കണക്കുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹത്താൽ നിയമിക്കപ്പെടുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട്, സർക്കാർ കണക്കുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിനുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരശക്തിയും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ച് ബുക്കുകളുടെയും കണക്കുകളുടെയും ബന്ധപ്പെട്ട വൗച്ചറുകളുടെയും രേഖകളുടെയും കടലാസുകളുടെയും ഹാജരാക്കൽ ആവശ്യപ്പെടുവാനും അതോറിറ്റിയുടെ ഏതെങ്കിലും ഓഫീസുകൾ പരിശോധിക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(4) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലോ അദ്ദേഹത്താൽ ഇതിലേക്കായി നിയമിക്കപ്പെട്ട മറ്റേതെങ്കിലും ആളോ, സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള അതോറിറ്റിയുടെ കണക്കുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ടിനോടൊപ്പം കേന്ദ്ര സർക്കാരിന് വർഷംതോറും അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ ആയത് പാർലമെന്റിന്റെ ഇരുസഭകളുടെയും മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

## അദ്ധ്യായം VI
## പലവക

വാർഷിക റിപ്പോർട്ട് സമർപ്പിക്കൽ.

26. (1) അതോറിറ്റി, ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനത്തിനുശേഷം ആകുന്നത്ര വേഗത്തിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിൽ ആ സാമ്പത്തികവർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ ഒരു വിവരണം നൽകുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതും അടുത്ത സാമ്പത്തികവർഷത്തിൽ അതോറിറ്റി ഏറ്റെടുക്കുവാൻ ഇടയുള്ള പ്രവർത്തനങ്ങളുടെ ഒരു വിവരണം കൂടി ആ റിപ്പോർട്ടിൽ നൽകേണ്ടതുമാണ്.

(2) കേന്ദ്ര സർക്കാർ അങ്ങനെയുള്ള റിപ്പോർട്ട് അത് സമർപ്പിച്ചതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

ഏൽപ്പിച്ചു കൊടുക്കൽ.

27. അതോറിറ്റിക്ക്, ലിഖിതമായ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ആ ഉത്തരവിൽ നിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ഉപാധികളും പരിമിതികളും ഏതെങ്കിലുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി അത് ആവശ്യമെന്ന് കരുതാവുന്ന ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും (35-ാം വകുപ്പുപ്രകാരമുള്ള അധികാരങ്ങൾ ഒഴികെ), അതോറിറ്റിയുടെ ചെയർപേഴ്സണോ മറ്റേതെങ്കിലും അംഗത്തിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

അതോറിറ്റിയുടെ ഉത്തരവുകളുടെയും മറ്റ് കരണങ്ങളുടെയും പ്രമാണീകരണം.

28. അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും അതോറിറ്റിയുടെ ചെയർപേഴ്സന്റെയോ ഇതിലേയ്ക്കായി അതോറിറ്റി പ്രാധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും അംഗത്തിന്റെയോ ഒപ്പിനാൽ പ്രമാണീകരിക്കപ്പെടേണ്ടതും അതോറിറ്റി ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ള മറ്റെല്ലാ പ്രമാണങ്ങളും അതോറിറ്റിയുടെ, ഇതിലേയ്ക്കായി അത് പ്രാധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ ഒപ്പിനാൽ പ്രമാണീകരിക്കപ്പെടേണ്ടതുമാണ്.

അതോറിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും പബ്ലിക് സർവന്റുമാരായിരിക്കുമെന്ന്.

29. അതോറിറ്റിയുടെ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിന്റെയോ റെഗുലേഷന്റെയോ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ, ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിലുള്ള പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

1860-ലെ 45

ഉത്തമവിശ്വാസപൂർവ്വം എടുക്കപ്പെട്ട നടപടിക്ക് സംരക്ഷണം.

30. ഈ ആക്റ്റിനോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ റെഗുലേഷനോ അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതിനെങ്കിലുംവേണ്ടി അതോറിറ്റിക്കോ അതോറിറ്റിയുടെ ഏതെങ്കിലും അംഗത്തിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

നഷ്ടപ്പെട്ട സ്വത്തിന്റെ സൂക്ഷിപ്പും കൈയൊഴിക്കലും.

31. അതോറിറ്റിക്ക്, ഇതിലേക്കായി ഉണ്ടാക്കാവുന്ന അങ്ങനെയുള്ള റെഗുലേഷനുകൾക്ക് വിധേയമായി, അതോറിറ്റി, അതോറിറ്റിക്കുള്ളതോ അതിന്റെ മൊത്തമായ നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ ഏതെങ്കിലും പരിസരത്ത് കാണപ്പെടുന്ന ഏതൊരു സ്വത്തിന്റെയും, ശരിയായ സൂക്ഷിപ്പിലല്ലാത്തപ്പോൾ, സുരക്ഷിതമായ സൂക്ഷിപ്പും തിരികെ കൊടുക്കലും ഉറപ്പാക്കുന്നതിനുവേണ്ടി ഏർപ്പാട് ചെയ്യേണ്ടതാണ്.

അതോറിറ്റിയെ അതിലംഘിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം

32. (1) കേന്ദ്ര സർക്കാരിന്, ഏതെങ്കിലും സമയത്ത്,

(ക) ഗുരുതരമായ ഒരു അടിയന്തിരഘട്ടം കാരണമായി അതോറിറ്റിക്ക് ഈ ആക്റ്റിനാലോ അതിൻകീഴിലുള്ള വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിൽ ചുമത്തിയിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുവാൻ കഴിയുന്നില്ലെന്നോ;

(ഖ) അതോറിറ്റി ഈ ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാരിനാൽ പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും നിർദ്ദേശം അനുസരിക്കുന്നതിലോ ഈ ആക്റ്റിലെ വ്യവസ്ഥകളാലോ അവ പ്രകാരമോ അതിൻമേൽ ചുമത്തിയിട്ടുള്ള ചുമതലകളുടെയും കർത്തവ്യങ്ങളുടെയും നിർവ്വഹണത്തിലോ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നും വീഴ്ചയുടെ ഫലമായി അതോറിറ്റിയുടെ സാമ്പത്തികസ്ഥിതിയോ സംയോജിത ചെക്ക്പോസ്റ്റിന്റെ ഭരണനിർവ്വഹണമോ വഷളായിട്ടുണ്ടെന്നോ;

(ഗ) അപ്രകാരം ചെയ്യുന്നത് പൊതുതാൽപര്യത്തിന് ആവശ്യമായിത്തീർക്കുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നുവെന്നോ,

അഭിപ്രായമുണ്ടെങ്കിൽ, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന, ആറുമാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക് അതോറിറ്റിയെ അതിലംഘിക്കാവുന്നതാണ്.

എന്നാൽ (ഖ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾക്കായി ഈ ഉപവകുപ്പ് പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ്, കേന്ദ്ര സർക്കാർ, അതോറിറ്റിക്ക്, എന്തുകൊണ്ട് അത് അതിലംഘിക്കപ്പെടുവാൻ പാടില്ല എന്നതിന് കാരണം കാണിക്കുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതും അതോറിറ്റിയുടെ വിശദീകരണങ്ങളും ആക്ഷേപങ്ങളും, ഏതെങ്കിലുമുണ്ടെങ്കിൽ, പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയെ അതിലംഘിക്കുന്ന ഒരു വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണത്തിന്മേൽ,

(ക) അതിലംഘനത്തിന്റെ തീയതി മുതൽ എല്ലാ അംഗങ്ങളും അവരുടെ ആ നിലയിലുള്ള ഉദ്യോഗങ്ങൾ ഒഴിയേണ്ടതാണ്;

(ഖ) ഈ ആക്റ്റിലെ വ്യവസ്ഥകളാലോ അവ പ്രകാരമോ അതോറിറ്റിയാലോ അതോറിറ്റിക്ക് വേണ്ടിയോ വിനിയോഗിക്കപ്പെടേണ്ടതോ നിർവ്വഹിക്കപ്പെടേണ്ടതോ ആയ എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും (3)-ാം ഉപവകുപ്പുപ്രകാരം അതോറിറ്റി പുനർരൂപീകരിക്കപ്പെടുന്നതുവരെ കേന്ദ്ര സർക്കാർ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ആളാലോ ആളുകളാലോ വിനിയോഗിക്കപ്പെടേണ്ടതും നിർവ്വഹിക്കപ്പെടേണ്ടതുമാണ്;

(ഗ) (3)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റി പുനർരൂപീകരിക്കുന്നതുവരെ, അതോറിറ്റിയുടെ ഉടമസ്ഥത യിലോ നിയന്ത്രണത്തിലോ ഉള്ള എല്ലാ വസ്തുക്കളും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിലംഘനത്തിന്റെ കാലയളവ് അവസാനിക്കുന്നതിൻമേൽ, കേന്ദ്ര സർക്കാരിന്,—

(ക) അതിന് ആവശ്യമെന്ന് കരുതാവുന്ന, ആറുമാസത്തിൽ കവിയാത്ത അങ്ങനെയുള്ള കൂടുതൽ കാലത്തേക്ക് അതിലംഘനത്തിന്റെ കാലയളവ് ദീർഘിപ്പിക്കുകയോ;

(ഖ) പുതിയ നിയമനം വഴി അതോറിറ്റിയെ പുനർരൂപീകരിക്കുകയോ ചെയ്യാവുന്നതും അങ്ങനെയുള്ള സംഗതിയിൽ (2)-ാം ഉപവകുപ്പിലെ (ക) ഖണ്ഡപ്രകാരം തങ്ങളുടെ ഉദ്യോഗങ്ങൾ ഒഴിഞ്ഞിട്ടുള്ള അംഗങ്ങൾ നിയമനത്തിന് അയോഗ്യരാണെന്ന് കരുതപ്പെടുവാൻ പാടില്ലാത്തതുമാണ്:

എന്നാൽ, കേന്ദ്ര സർക്കാരിന്, (1)-ാം ഉപവകുപ്പു പ്രകാരം ആദ്യമായി നിർദ്ദേശിച്ചിട്ടുള്ളതോ ഈ ഉപവകുപ്പുപ്രകാരം ദീർഘിപ്പിച്ചിട്ടുള്ളതോ ആയ അതിലംഘനത്തിന്റെ കാലയളവ് അവസാനി ക്കുന്നതിന് മുമ്പ് ഏതുസമയത്തും ഈ ഉപവകുപ്പിലെ (ഖ) ഖണ്ഡപ്രകാരം നടപടിയെടുക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കപ്പെട്ട ഒരു വിജ്ഞാപനവും ഈ വകുപ്പ് പ്രകാരം എടുക്കപ്പെട്ട ഏതെങ്കിലും നടപടി യുടെയും അങ്ങനെയുള്ള നടപടിയിലേയ്ക്ക് നയിച്ച സാഹചര്യങ്ങളുടെയും ഒരു പൂർണ്ണമായ റിപ്പോർട്ടും, പാർലമെന്റിന്റെ പിന്നീട് വരുന്ന തൊട്ടടുത്ത സമ്മേളനങ്ങളിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും മുമ്പാകെ കേന്ദ്ര സർക്കാർ വയ്പിക്കേണ്ടതാണ്.

33. (1) ആ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, അതോറിറ്റി ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകളുടെയും കർത്തവ്യങ്ങളുടെയും നിർവ്വഹണത്തിൽ, കേന്ദ്ര സർക്കാർ, അതതുസമയം, ലിഖിതമായി അതിനുനൽകാവുന്ന നയപരമായ പ്രശ്നങ്ങളിന്മേലുള്ള അങ്ങനെയുള്ള നിർദ്ദേശങ്ങളാൽ ബന്ധിക്കപ്പെടുന്നതാണ്: നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം.

എന്നാൽ അതോറിറ്റിക്ക് പ്രായോഗികമാകുന്നിടത്തോളം, ഈ ഉപവകുപ്പ് പ്രകാരം ഏതെങ്കിലും നിർദ്ദേശം നൽകപ്പെടുന്നതിന് മുമ്പ് അതിന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള അവസരം നൽകേണ്ടതാണ്.

(2) ഒരു പ്രശ്നം നയപരമായ ഒന്നാണോ അല്ലയോ എന്നതിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(3) കേന്ദ്ര സർക്കാരിന്, അതതുസമയം, അതോറിറ്റിക്ക് 11-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ ഖണ്ഡങ്ങൾ പ്രകാരം അതിനായുള്ള ഏതെങ്കിലും ചുമതലകളുടെ നിർവ്വഹണത്തെ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ അനുസരിക്കുവാൻ അതോറിറ്റി ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.

34. (1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾ,

(ക) 5-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയിലെ അംഗങ്ങളുടെ മറ്റ് സേവനോപാധികൾക്കും;

(ഖ) 5-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും അംഗം തന്റെ ഉദ്യോഗം രാജിവയ്ക്കുവാൻ നൽകപ്പെടാവുന്ന നോട്ടീസിന്റെ കാലാവധിയ്ക്കും;

(ഗ) അതോറിറ്റിക്ക് 21-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡപ്രകാരം നിധികൾ നിക്ഷേപിക്കാവുന്ന രീതിയ്ക്കും;

(ഘ) 25-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റി കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട മാതൃകയ്ക്കും;

(ങ) 26-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റി അതിന്റെ പ്രവർത്തനങ്ങളുടെ ഒരു വിവരണം നൽകുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതിന്റെ മാതൃകയ്ക്കും;

(ച) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യത്തിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.

35. (1) അതോറിറ്റിക്ക്, കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്ന ആവശ്യത്തിലേക്കായി ഈ ആക്റ്റിനും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അസംഗതമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അങ്ങനെയുള്ള റെഗുലേഷനുകൾ,—

(ക) 8-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയുടെ യോഗങ്ങളുടെ സമയവും സ്ഥലങ്ങളും അങ്ങനെയുള്ള യോഗങ്ങളിലെ ക്വാറം ഉൾപ്പെടെ ബിസിനസ് നടത്തിപ്പിനുവേണ്ടി അനുവർത്തിക്കേണ്ട നടപടിക്രമത്തിനും;

(ഖ) 10-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയാൽ നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും സേവനോപാധികൾക്കും പ്രതിഫലത്തിനും;

(ഗ) 18-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയുടെ പൊതുമുദ്രകൊണ്ട് മുദ്രവയ്ക്കപ്പെടേണ്ട കോൺട്രാക്റ്റുകളും (2)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയാൽ ഒരു കോൺട്രാക്റ്റ് ഉണ്ടാക്കപ്പെടാവുന്ന മാതൃകയ്ക്കും രീതിയ്ക്കും;

(ഘ) 19-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയാൽ ഈടാക്കപ്പെടേണ്ട ഫീസിനും വാടകയ്ക്കും;

(ങ) 31-ാം വകുപ്പ് പ്രകാരം നഷ്ടപ്പെട്ട സ്വത്തിന്റെ സൂക്ഷിപ്പും തിരികെ കൊടുക്കലും നഷ്ടപ്പെട്ട സ്വത്ത് അതിന് അവകാശപ്പെട്ട ആളുകൾക്ക് തിരികെ കൊടുക്കപ്പെടാവുന്നതിന്റെ നിബന്ധനകൾക്കും ഉപാധികൾക്കും

വ്യവസ്ഥ ചെയ്യാവുന്നതാണ്:

ചട്ടങ്ങളും റെഗുലേഷനുകളും വിജ്ഞാപനങ്ങളും പാർലമെന്റിന്റെ മുമ്പാകെ വയ്ക്കപ്പെടണമെന്ന്.

36. ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും ഓരോ റെഗുലേഷനും അല്ലെങ്കിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനവും അതുണ്ടാക്കിയതിന് ശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ, അതു സമ്മേളനത്തിലായിരിക്കുമ്പോൾ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും, ആ ചട്ടത്തിലോ റെഗുലേഷനിലോ വിജ്ഞാപനത്തിലോ, അതതുസംഗതിപോലെ, ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമോ റെഗുലേഷനോ വിജ്ഞാപനമോ, അതതു സംഗതിപോലെ, ഉണ്ടാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്യരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിനോ റെഗുലേഷനോ വിജ്ഞാപനത്തിനോ, അതതുസംഗതിപോലെ, അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടമോ റെഗുലേഷനോ വിജ്ഞാപനമോ പ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.

വിഷമതകൾ നീക്കം ചെയ്യുവാനുള്ള അധികാരം.

37. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉണ്ടാവുകയാണെങ്കിൽ, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് വഴി, ആ വിഷമത നീക്കുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടുവർഷക്കാലാവധി അവസാനിച്ചതിന് ശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പുപ്രകാരം ഉണ്ടാക്കുന്ന ഓരോ ഉത്തരവും, അത് ഉണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.